പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 122

# 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

(ശ്രീ. എം. വിജിൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 122

# 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

(ശ്രീ. എം. വിജിൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

775/2022.

ബിൽ നമ്പർ 122

# 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

(ശ്രീ. എം. വിജിൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ പുസ്തക പ്രസാധക വിതരണക്കാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും പ്രസാധക രംഗത്ത് നിലനിൽക്കുന്ന ചൂഷണവും അനാരോഗ്യകരമായ പ്രവണതകളും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തിൽ ധാരാളമായുള്ള ചെറുതും വലുതുമായ പുസ്തക പ്രസാധകരും വിതരണക്കാരും നേരിടുന്ന പ്രതിസന്ധിക്കും ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണുന്നതിനും പ്രസാധക സംഘങ്ങളുടെ സുരക്ഷയും പ്രസാധകരുടെ ക്ഷേമവും ഉറപ്പാക്കേണ്ടതും പുസ്തക പ്രസാധന മേഖലയിൽ നിലനിൽക്കുന്ന ചൂഷണവും അനാരോഗ്യകരമായ പ്രവണതകളും നിയന്ത്രിക്കുന്നതിനും ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ആക്റ്റ് എന്ന് പേര് വിളിക്കാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പുസ്തക പ്രസാധകർ" എന്നാൽ മലയാളത്തിലും മറ്റ് ഭാഷകളിലും അച്ചടിക്കപ്പെട്ട സാഹിത്യമോ ആത്മീയമോ പാഠ്യപദ്ധതി പ്രകാരമുള്ളതോ പഠന പുസ്തകങ്ങളോ (സാഹിത്യം, കവിത, കഥ, നാടകം, തിരക്കഥകൾ, മറ്റ് സാഹിത്യകൃതികൾ,

ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം, വൈജ്ഞാനികം, ചരിത്രം, ആത്മീയം, ശാസ്ത്രസംബന്ധം) തുടങ്ങിയ ഏത് വിഷയത്തെ സംബന്ധിച്ചുമുള്ള പുസ്തകങ്ങൾ അച്ചടി രൂപത്തിൽ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നവർ എന്ന് അർത്ഥമാകുന്നു;

(ബി) ' സർക്കാർ' എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(സി) 'ഉടമ്പടി' എന്നാൽ ഗ്രന്ഥകർത്താവും പ്രസാധകരും പരസ്പര ധാരണപ്രകാരമേർപ്പെടുന്ന കരാർ എന്ന് അർത്ഥമാകുന്നു;

(ഡി) 'വിതരണം' എന്നാൽ പുസ്തക പ്രസാധനത്തിലൂടെയോ പ്രസാധകരുടെ പുസ്തകങ്ങൾ ഏറ്റെടുത്തോ വില്പന നടത്തുന്ന പുസ്തക ശാലകൾ എന്ന് അർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, ഈ ആക്റ്റ് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു;

(എഫ്) 'പുസ്തകോത്സവം' എന്നാൽ സംസ്ഥാന ഗ്രന്ഥശാലാ സംഘം സർക്കാരിന്റെ വിവിധ ഏജൻസികൾ, വകുപ്പുകൾ, സർക്കാരിന്റെ വിവിധ പരിപാടികളോടനുബന്ധിച്ചും മറ്റ് ഉത്സവങ്ങൾ, വിവിധ ആഘോഷങ്ങൾ എന്നിവയോടനുബന്ധിച്ചും പുസ്തകങ്ങൾ വിൽപ്പന നടത്തുന്നതിന് ഒരുക്കിയിട്ടുള്ളതും പുസ്തക പ്രകാശനം, പുസ്തകചർച്ചകൾ, സാംസ്കാരിക സദസ്സുകൾ എന്നിവ ചേർന്ന മേള എന്ന് അർത്ഥമാകുന്നു;

(ജി) 'വകുപ്പ് ' എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്ന് അർത്ഥമാകുന്നു.

3. <u>പുസ്തക പ്രകാശനവും വിതരണവും സംരക്ഷണ നിയന്ത്രണ സമിതിയുടെ രൂപീകരണവും.</u>—(1) കേരള സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിശ്ചിത പുസ്തക പ്രസാധക വിതരണവും സംരക്ഷണവും നിയന്ത്രണവും സംബന്ധിച്ച സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന പ്രകാരമുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്,—

(എ) ബന്ധപ്പെട്ട വകുപ്പുമന്ത്രി;

(ബി) ബന്ധപ്പെട്ട വകുപ്പുസെക്രട്ടറി;

(സി) നിലവിലെ നിയമസഭാ സാമാജികരിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സാമാജികർ;

(ഡി) സർക്കാർ വകുപ്പുകളുടെ പുസ്തക പ്രസാധകസ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട്പേർ;

(ഇ) പുസ്തക പ്രസാധകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പ്രിതിനിധികൾ;

(എഫ്) എഴുത്തുകാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ;

(ജി) സമിതി അംഗങ്ങളിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ വൈസ് ചെയർമാനായും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

4. സമിതിയുടെ പ്രവർത്തനം.— മൂന്നാം വകുപ്പ് പ്രകാരമുള്ള സമിതിയുടെ പ്രവർത്തനവും അതുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങൾ (ആസ്ഥാന ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും നിയമനം ഉൾപ്പെടെ) സർക്കാർ ചട്ടം വഴി നടത്തേണ്ടതാണ്.

5. സമിതിയുടെ കർത്തവ്യങ്ങൾ.—(1) പുസ്തക പ്രസാധക രംഗത്തെ അനഭിലഷണീയമായ പ്രവണതകൾക്കെതിരെ പ്രസാധകരെ ബോധവൽക്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

(2) പുസ്തക പ്രസാധക രംഗത്തെ സാമ്പത്തിക ചെലവുകൾ ഏകീകരിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക;

(3) നിശ്ചിത പേജുള്ള ഓരോ പുസ്തകത്തിനും എഴുത്തുകാരിൽ നിന്നും വാങ്ങുന്ന നിർമ്മാണ ചെലവുകൾ പരമാവധി എത്രവരെ എന്നത് തീരുമാനിക്കുകയും കാലാകാലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക;

(4) എഴുത്തുകാർക്ക് നൽകേണ്ട കുറഞ്ഞ റോയൽറ്റി.—കമ്മീഷൻ എത്രയാണെന്ന് നിശ്ചയിക്കുകയും അവ കൃത്യമായി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക;

(5)ഓരോ എഴുത്തുകാരുടെയും സൃഷ്ടികൾ കരാർ വച്ചുകഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിശ്ചിത കോപ്പികൾ മാത്രം അച്ചടിക്കുന്നു എന്നതിന് ഉറപ്പുണ്ടാക്കുക;

(6) പ്രസാധകരുടെയും എഴുത്തുകാരുടെയും പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കുക/നിയമസഹായം നൽകുക;

(7) പ്രാദേശികവും, ദേശീയവും, അന്തർദേശീയവുമായ പുസ്തകോത്സവങ്ങൾ പരമാവധി പ്രസാധകർക്ക് ഗുണകരമാവുന്ന തരത്തിൽ സംഘടിപ്പിക്കുക;

(8) പുസ്തക പ്രസാധനത്തിന്റെ വാണിജ്യ സാധ്യതയും - തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുന്നതിനായി ബോധപൂർവ്വം ഇടപെടൽ നടത്തുക;

(9) ചെറുകിട പ്രസാധകർക്ക് വായ്പ, ഗ്രാന്റ് എന്നിവ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന് നൽകുക;

(10) പുസ്തക പ്രസാധക രംഗത്ത് പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ശ്രമിക്കുക;

(11) പുസ്തക പ്രസാധക വിതരണ സ്ഥാപനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

## ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിവരണം

സംസ്ഥാനത്തെ പുസ്തക പ്രസാധക മേഖലയിൽ സർക്കാരും സഹകരണ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും മാധ്യമ സ്ഥാപനങ്ങളും ഇതര സ്ഥാപനങ്ങളും വ്യക്തികളും കടന്ന് വന്നിട്ടുണ്ട് എങ്കിലും ഈ മേഖലയിൽ ആവശ്യമായ നിയന്ത്രണങ്ങളോ നിയമങ്ങളോ ഇല്ലാത്തതിനാലും നിലവിലുണ്ടായിട്ടുള്ള വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുള്ളതിനാലും സർക്കാർ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ പുസ്തക പ്രസാധക സംഘങ്ങൾ പലപ്പോഴും സർക്കാർ വകുപ്പുകളെപ്പോലെ പ്രവർത്തിക്കുന്നതിനാലും എഴുത്തുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏറെയാണ്. അനിയന്ത്രിതമായ കാലതാമസവും മേന്മ പുലർത്തുന്നതിലുണ്ടാകുന്ന വീഴ്ചയും അനാരോഗ്യകരമായ പ്രവണതകളും അതിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നതും കേവലമായ സർക്കാർ സംവിധാനമായി മാറിത്തീരുകയും ചെയ്യുന്നു. സഹകരണ മേഖലയിലും മേൽപറഞ്ഞ ചില പ്രശ്നങ്ങളും കാലതാമസവും കാര്യക്ഷമതക്കുറവും അനുഭവപ്പെടാറുണ്ട്. ഈ സ്ഥാപനങ്ങളിൽ എഴുത്തുകാർക്ക് തുല്യമായ പരിഗണനയും അവസരവും ലഭിക്കുന്നില്ലെന്ന പരാതിയുണ്ടെങ്കിലും ഒരു പരിധിവരെ സാമ്പത്തിക ചൂഷണത്തിന് വിധേയരാവുന്നില്ല എന്നത് വസ്തുതയുമാണ്. എന്നാൽ സർക്കാരിതര സ്ഥാപനങ്ങളിൽ ഭൂരിഭാഗവും എഴുത്തുകാരെയും അവരുടെ സൃഷ്ടിയെയും പരമാവധി ചൂഷണം നടത്തുകയും ലാഭാധിഷ്ഠിത ഉത്പന്നമായി പുസ്തകങ്ങളെ കാണാറുമുണ്ട്. കോപ്പി റൈറ്റിലും റോയൽറ്റി വിതരണത്തിലുമെല്ലാം ഇത് പ്രതിഫലിക്കാറുമുണ്ട്. എന്നിരുന്നാലും മലയാള പുസ്തക ചരിത്രത്തിൽ ഇവർക്ക് ഒഴിവാക്കാനാവാത്ത സ്ഥാനം തന്നെ ഉണ്ടെന്ന കാര്യം സത്യവുമാണ്. പ്രസാധക രംഗത്തെ പ്രൊഫഷണലിസം നിലനിർത്തുന്നതിൽ ഈ വിഭാഗം വഹിക്കുന്ന പങ്ക് ചെറുതായി കാണാൻ കഴിയുകയുമില്ല.

ചെറുകിട പ്രസാധകരാണ് കൂടുതൽ പുതിയ എഴുത്തുകാരെ കണ്ടെത്തുകയും അവരുടെ സൃഷ്ടികൾ അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് പ്രസിദ്ധീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്. മറ്റ് പ്രസാധകരുടെ പുസ്തകങ്ങൾപോലെ കയ്യെത്തുന്ന

ദൂരത്ത് ചെറുകിട പ്രസാധകരുടെ പുസ്തകങ്ങൾ എത്തിപ്പിടിക്കാൻ കഴിയുന്നില്ല എന്നതും ഒരു പരിമിതിയാണ്. ഇതിനെ മറികടക്കാൻ ഓൺലൈൻ മാർക്കറ്റിംഗ് അടക്കമുള്ള സങ്കേതിക സൗകര്യങ്ങൾ ഇന്ന് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പുസ്തശാലകൾ വഴിയും പുസ്തകോത്സവങ്ങൾ വഴിയും നേരിട്ടുള്ള മാർക്കറ്റിംഗിലൂടെയുമാണ് ചെറുകിട പ്രസാധകർ പലവിധ പരിമിതികൾ പരിഹരിച്ച് മുന്നോട്ട് പോകുന്നത്. നാടിന്റെ സമ്പന്നമായ സാഹിത്യ സാംസ്കാരിക പൈതൃകവും മാനവികതയും ചരിത്രവും സംരക്ഷിക്കുന്നതിലും ലോക ക്ലാസിക്കുകൾ മറ്റ് നാനാവിധമായ സൃഷ്ടികളെ മലയാളികളുടെ ആസ്വാദനത്തിലും അറിവിനുമായി പങ്കുവെക്കുന്നതിൽ പൊതുവായി പുസ്തക പ്രസാധകർ വഹിക്കുന്ന പങ്ക് അവിസ്മരണീയമാണ്.

ആയതിനാൽ, ഔദ്യോഗികവും സ്വകാര്യവും ചെറുതും വലുതും പഴയതും പുതിയതുമായ എല്ലാ പ്രസാധകസംഘങ്ങളും നിലിൽക്കേണ്ടതും അവയെ ആരോഗ്യകരവും ആധുനികവുമായ കാലത്തേക്ക് മാറ്റിതീർക്കേണ്ടതും ഇതിന്റെ വ്യവസായിക സാധ്യതകളും തൊഴിൽ സാധ്യതകളും സംരക്ഷിക്കേണ്ടതിന്റെയും ആവിഷ്കാര സ്വാതന്ത്ര്യം നിലനിർത്തേണ്ടതിന്റെയും ആവശ്യകതയും ഇത്തരത്തിൽ ഒരു നിയമനിർമ്മാണം അനിവാര്യമാക്കിയിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് സമിതി നിലവിൽ വരികയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇതിനായി എത്രമാത്രം സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുമെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭ ചെലവുകൾക്കായി പതിനാറ് ലക്ഷം രൂപയുടെ ചെലവ് ആവശ്യമായി വരുന്നതിനാൽ സഞ്ചിത നിധിയിൽനിന്ന് തുക അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ വകുപ്പ് മൂന്ന് പ്രകാരം സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ, സഭയുടെ മുമ്പാകെ വെക്കാനും അത് ഭേദഗതി ചെയ്യാനും ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്ക് വേണ്ടിയാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

എം. വിജിൻ, എം.എൽ.എ.